# മദർ തെരേസ സേവന അവാർഡ് മത്സരനിബന്ധനകൾ

MOTHER TERESA
SEVANA AWARD

A Project of
**Fr. Davis Chiramel Charitable Trust**

## VISION

**വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്കൂൾ HM, മാതാപിതാക്കൾ എന്നിവർ സ്നേഹത്തോടെയും ഐക്യത്തോടെയും പടുത്തുയർത്തുന്ന നന്മയുള്ള ഭാവി തലമുറ**

## TEAM

**Fr. Davis Chiramel**
**Executive Committee**
**School HM**
**Coordinator**
**Class Teacher**
**Parents**
**Student**

| | |
|---|---|
| Last date of Registration | : 30th July 2024 |
| Competition ends on | : 31st May 2025 |
| Final Report Submission | : 15th June 2025 |

# MTSA AWARDS

## 2024-2025

**STATE-LEVEL AWARDS (**One each from UP & HS)

1. **MTSA Winner :** Rupees One Lakh + Family Tour to Calcutta + Shield and Certificate
2. **Best Coordinator :** Rupees Ten Thousand + Shield for Schools
3. **Best School for Maximum Students Participation :** Rupees Ten Thousand + Shield (According to the ratio of total strength)
4. **Best Social Media Award :** Rupees Five Thousand + Shield

**SCHOOL LEVEL AWARDS (**Two toppers each from qualified schools UP & HS)

1. **School Toppers :** Rupees Five thousand + Certificate

**പങ്കെടുക്കുന്നതിനുള്ള നിബന്ധനകൾ (UP & HS)**

- **കുറഞ്ഞത് 30 മണിക്കൂർ സാമൂഹ്യ സേവനം ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടുകയുള്ളൂ.**
- **ഏറ്റവും അർഹരായ 2 കുട്ടികളെ വീതമായിരിക്കും ഓരോ ഗ്രൂപ്പിൽ നിന്നും അവാർഡിനുള്ള യോഗ്യതാ റൗണ്ടിലേക്ക് പരിഗണിക്കുക.**
- **കുറഞ്ഞത് 100 മണിക്കൂർ ആക്ടിവിറ്റി ചെയ്ത കുട്ടികളെ മാത്രമേ ക്യാഷ് അവാർഡിന് പരിഗണിക്കുകയുള്ളൂ**
- **ഓരോ ഗ്രൂപ്പിലും കുറഞ്ഞത് 25 കുട്ടികളെങ്കിലും ഉള്ള സ്കൂളുകളെ മാത്രമേ യോഗ്യതാ റൗണ്ടിലേക്ക് പരിഗണിക്കുകയുള്ളൂ**
- **സ്കൂളുകൾ സമർപ്പിക്കുന്ന ആക്ടിവിറ്റി റിപ്പോർട്ട് സ്വീകരിക്കാനും നിരാകരിക്കാനും കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.**
- **ആക്ടിവിറ്റികൾ സമർപ്പിക്കുമ്പോൾ ചെയ്യുന്ന ആക്ടിവിറ്റിയുടെ ഫോട്ടോ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്.**
- **കുട്ടികൾ ബാഡ്ജ് ധരിച്ച് നിശ്ചിത ബാനറോടുകൂടിയുള്ള ഫോട്ടോയായിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്.**

## ഗ്രേസ് മാർക്ക്

**The Grace Marks window on the website will be activated from 1st to 31st March.**

- **താഴെപ്പറയുന്ന വിഭാഗങ്ങളിൽ അംഗത്വമുള്ളവർക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതാണ് NCC, SPC, NSS, Junior Red cross, Scouts and Guides, Maths Club, Science Club, Social Science Club, Sahithya Samajam, Arts and Sports, Accadamic Excellence, എന്നിവയിൽ അംഗങ്ങളായിട്ടുള്ള വിദ്യാർത്ഥികൾക്ക് ഒരു മണിക്കൂർ ഗ്രേസ് ടൈം ഉണ്ടായിരിക്കും.**
- **ഹെഡ്മാസ്റ്റർമാർക്ക് കുട്ടികളുടെ പങ്കാളിത്തം അനുസരിച്ച് ഈ പ്രവർത്തനവർഷം പരമാവധി എട്ടു മണിക്കൂർ ഗ്രേസ് ടൈം കൊടുക്കാവുന്നതാണ്.**
- **ക്ലാസ് ടീച്ചർമാർക്ക് അർഹതയനുസരിച്ച് പരമാവധി എട്ടുമണിക്കൂർ ഗ്രേസ് ടൈം അനുവദിക്കാവുന്നതാണ്.**
- **ജീവകാരുണ്യ / സാമൂഹിക/ സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന മാതാപിതാക്കളുടെ മക്കൾക്ക് ഒരു മണിക്കൂർ അനുവദിക്കുന്നതാണ് (മെമ്പർഷിപ്പ് കാർഡ് ഹാജരാക്കിയാൽ മാത്രം).**
- **അംഗീകൃത ജനപ്രതിനിധിസഭയിൽ അംഗങ്ങളായവരുടെ മക്കൾക്ക് ഒരു മണിക്കൂർ ഗ്രേസ് ടൈം അനുവദിക്കുന്നതാണ് (ത്രിതല പഞ്ചായത്ത് /നിയമസഭ / ലോകസഭ).**
- **കര/വ്യോമ/നാവിക സേനാംഗങ്ങളുടെ മക്കൾക്ക് ഒരു മണിക്കൂർ ഗ്രേസ് ടൈം അനുവദിക്കുന്നതാണ്.**

## അവാർഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. സ്നേഹത്തോടെ 10 പൊതി ചോറ്. (1 hr/pack)
2. പ്ലാസ്റ്റിക് നിർമ്മാർജ്ജനം (1 hr/ 10 kg)
3. തൊഴിലുറപ്പ്കാരോട് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുക (1 hr/ 1 hr)
4. മാതാപിതാക്കളുടെ / അദ്ധ്യാപകരുടെ കൂടെ അഗതിമന്ദിരങ്ങൾ / ആശുപത്രികൾ/ പാലിയേറ്റീവ് കെയർ/ അനാഥശാല സന്ദർശനം (1 hr)
5. പഴയ നല്ല വസ്ത്രങ്ങൾ ശേഖരിച്ച് കഴുകി വൃത്തിയാക്കി, തേച്ചു മടക്കി സ്കൂളിൽ എത്തിക്കുക (1 hr/10 p)
6. സ്കൂൾ പരിസരം [തനിച്ചോ, ഗ്രൂപ്പായോ ] ശുചിയാക്കുക (1 hr/each student)
7. വീടിനടുത്ത് ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധജനങ്ങളെ മാതാപിതാക്കളോടൊപ്പം സന്ദർശിക്കുക. (1 hr)
8. വീടിനടുത്തുള്ള ചേരി പ്രദേശങ്ങളിൽ / ആദിവാസി കോളനികളിൽ [തനിച്ചോ, ഗ്രൂപ്പായോ] മാതാപിതാക്കളുടെ / അദ്ധ്യാപകരുടെ കൂടെ ചെന്ന് കുട്ടികളെ പഠിപ്പിക്കുക (2 hrs/each student)
9. വീട്ടിൽ മിച്ചം വരുന്ന പഴങ്ങളോ പച്ചക്കറികളോ സ്കൂളിൽ കൊണ്ടുവന്നു അർഹരായവർക്ക് വിതരണം ചെയ്യുക. (1 hr)
10. സ്കൂളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠിക്കാൻ സഹായിക്കുക. (1 hr)
11. മാതാപിതാക്കളുടെ സഹായത്തോടെ തുണി സഞ്ചി തയ്ച്ചു സ്കൂളിൽ ഏല്പിക്കുക (1 hr/ 10 nos)
12. കളിപ്പാട്ടങ്ങൾ ശേഖരിച്ച് ആവശ്യമുള്ളവർക്ക് സമ്മാനിക്കുക(1 hr/ 10 nos)
13. സഹപാഠികളിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് മാതാപിതാക്കളുടെയും ടീച്ചറുടെയും അറിവോടെ 1000 രൂപയിൽ കുറയാത്ത സഹായം ചെയ്യുക. (1 hr)
14. ക്ലാസ് ടീച്ചറുടെ ജന്മദിനത്തിൽ കുട്ടികളും ടീച്ചറും ചേർന്ന് കിടപ്പിലായ ഒരു രോഗിയെ സന്ദർശിച്ച് സ്നേഹ സമ്മാനം നൽകുക. (1 hr/each student)
15. വീട്ടിൽ നിന്ന് പാചകം ചെയ്തു കൊണ്ട് വന്ന ഭക്ഷണ സാധനങ്ങൾ സ്കൂൾ അങ്കണത്തിൽ വില്പന നടത്തി പണം സ്വരൂപിച്ച് അർഹതപ്പെട്ടവർക്ക് സമ്മാനിക്കുക (2 hrs)
16. മാതാപിതാക്കളുടെ സഹായത്തോടെ വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ച് പരിപാലിക്കുക (1 hr)
17. മാതാപിതാക്കളുടെ സഹായത്തോടെ പണം സമാഹരിച്ച് അർഹതപ്പെട്ട ഒരു വിദ്യാർത്ഥിക്ക് വീട് പണിതു നൽകുക (20 hrs)
18. മാതാപിതാക്കളുടെ സഹായത്തോടെ അർഹതപ്പെട്ട ഒരു വീട്ടിലേക്ക് ഒരു മാസം ആവശ്യമായ പലചരക്കു സാധനങ്ങൾ വാങ്ങി കൊടുക്കുക (2 hrs).
19. കുട്ടികൾ വായിച്ച ഒരു പുസ്തകത്തിന്റെ സംഗ്രഹം എഴുതി ക്ലാസ് ടീച്ചർക്ക് സമർപ്പിക്കുക (Must upload synopsis of Book) (1 hr)
20. സീഡ് പേന / സീഡ് ബോൾ നിർമ്മിച്ച് സ്കൂളിൽ കൊണ്ടുവന്നു വില്പന നടത്തി ലഭിക്കുന്ന തുക ടീച്ചറെ ഏല്പിച്ച് അർഹതപ്പെട്ടവർക്ക് കൊടുക്കുക.(1 hr/ 10 pens / Seed Balls)
21. കുട്ടികളുടെ അച്ഛനെയോ അമ്മയെയോ പഠിപ്പിച്ച അദ്ധ്യാപകരെ മാതാപിതാക്കൾക്കൊപ്പം അവരുടെ വീട്ടിൽ ചെന്ന് ആദരിക്കുക (1 hr)
22. കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തിൽ നിന്ന് വിരമിച്ച അദ്ധ്യാപകരെ വീട്ടിൽ ചെന്ന് ആദരിക്കുക. (1 hr)
23. മദർ തെരേസ സേവന അവാർഡുമായി ബന്ധപ്പെട്ട പ്രവർത്തികൾ സോഷ്യൽ മീഡിയയിൽ പങ്കുവക്കുക. (Upload screenshot of social media post on activity report) (1 hr)
24. കുട്ടികളുടെ മാതാപിതാക്കളോ അദ്ധ്യാപകരോ രക്തദാനം ചെയ്താൽ (2 hr)
25. കുട്ടികളോ കുട്ടികളുടെ മാതാപിതാക്കളോ തലമുടി ദാനം ചെയ്താൽ (5 hr)
26. ഭവന നിർമ്മാണം – ഒരു സ്കൂളിന്റെ നേതൃത്വത്തിൽ ഒരു വീട് പണിതു കൊടുത്താൽ ആ സ്കൂളിൽ നിന്ന് പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും 1 മണിക്കൂർ വീതം നൽകുന്നതാണ്

## അദ്ധ്യാപകരുടെ ഉത്തരവാദിത്തങ്ങൾ

**സ്കൂൾ അധികാരികൾ നിർദ്ദേശിക്കുന്ന ഒരു കോർഡിനേറ്റർ കാര്യനിർവ്വഹണം നടത്തുന്നതാണ്**

1. എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി മുൻ മാസത്തെ ആക്ടിവിറ്റികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക
2. കുട്ടികൾക്ക് സാമൂഹ്യ സേവനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
3. കുട്ടികൾ നിർദ്ദിഷ്ട മാനദണ്ഡം അനുസരിച്ച് സാമൂഹ്യ സേവനം ചെയ്യുന്നു എന്ന് ഉറപ്പാക്കുക.
4. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് മദർ തെരേസയുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങളെക്കുറിച്ചും ഈ അവാർഡിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ബോധ്യപ്പെടുത്തുക.
5. ഓരോ സാമൂഹ്യസേവനപ്രവർത്തനങ്ങളും നടത്തുന്ന സ്ഥലങ്ങളിൽ നിന്നും ഉത്തരവാദിത്തപ്പെട്ടവരുടെ സാക്ഷ്യപത്രം ശേഖരിക്കേണ്ടതാണ് (പഞ്ചായത്ത് അധികൃതർ, പള്ളി,അമ്പലം, മോസ്ക് ഭാരവാഹികൾ, ആശുപത്രി അധികൃതർ).
6. സ്കൂൾ തലത്തിൽ സ്റ്റേറ്റ് കോർഡിനേറ്ററുമായി ബന്ധപ്പെട്ട് ഉദ്ഘാടന സമ്മേളനങ്ങൾ നടത്തേണ്ടതാണ്.
7. അദ്ധ്യയന സമയത്ത് അദ്ധ്യാപകരുടെയും അതിനു ശേഷം രക്ഷകർത്താക്കളുടെയും അനുവാദത്തോടെ നടത്തുന്ന സേവനപ്രവർത്തനങ്ങൾക്കു മാത്രമേ അംഗീകാരം നൽകാവൂ
8. അവാർഡ് കമ്മിറ്റിയുടെ സഹകരണത്തോടെ ജില്ലാതല ഉദ്ഘാടന സമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്

**മദർതെരേസ സേവന അവാർഡുമായി ബന്ധപ്പെട്ട എല്ലാ മാറ്റങ്ങളും നടത്തുന്നതിനുള്ള അധികാരം അവാർഡ് കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമായിരിക്കും**

**MOTHER TERESA SEVANA AWARD COMMITTEE**

+ 91 8590978938 mothertsa2024@gmail.com

| | |
|---|---|
| Fr. Davis Chiramel | Chairman |
| Rajan P Thomas | Vice Chairman |
| C V Jose | Vice Chairman |
| Dr. V V Rose | Chief Coordinator |
| Prof. Elizabeth Mathew | Joint Coordinator |
| Meena Rajan | Joint Coordinator |
| Bijoy C Antony | Technical Coordinator |
| Sanjo Nambadan C A | Coordinator |
| Babu Chitillapilly | Coordinator |
| Sabu Lukose | Overseas Coordinator |
| Mathew Prilson | Overseas Coordinator |
| Sithara Mathew | Overseas Coordinator |